പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1301

15-6-12 ൽ മറുപടിക്ക്

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. കെ.സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) സർക്കാരിന്റെ വിവിധ പദ്ധതികളെ പറ്റിയും പ്രവർത്തനങ്ങളെ പറ്റിയും സൂചന നൽകുകയും പ്രതിപാദിക്കുകയും ചെയ്യുന്ന വിവിധ സർക്കാർ വകുപ്പുകളും മന്ത്രാലയങ്ങളും പ്രസിദ്ധീകരിക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളും വാർത്താ പത്രികകളും ഏതെല്ലാമാണ് നിലവിലുള്ളത് എന്നത് വിശദീകരിക്കാമോ; | എ) | ഐ&പി.ആർ വകുപ്പിൽ ജനപഥം (മലയാളം) കേരള കോളിങ് (ഇംഗ്ലീഷ്) എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങളാണുള്ളത്. ഈ വകുപ്പിൽ മറ്റു മന്ത്രാലയങ്ങളിലെ പ്രസിദ്ധീകരണങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |
| ബി) പ്രസിദ്ധീകരണങ്ങളുടെ പേരും പ്രസാധകരുടെ പേരും വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ; | ബി) | ഈ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളായ ജനപഥം മാസികയുടെയും കേരള കോളിങ് മാസികയുടെയും പ്രസാധകൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ആണ്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്നതാണ് വിലാസം. മറ്റു വകുപ്പുകളുടെ പ്രസിദ്ധീകരണങ്ങളുടെ പേരും പ്രസാധകരുടെ പേരും ഈ വകുപ്പിൽ ലഭ്യമല്ല. RNI ആക്ട് അനുസരിച്ച് അതത് വകുപ്പുകളാണ് ഇവ പ്രസിദ്ധീകരിക്കുന്നതും സർക്കുലേഷൻ നടത്തുന്നതും. |
| സി) ഇത്തരം പ്രസിദ്ധീകരണങ്ങൾ നിയമസഭാ സാമാജികർക്ക് ലഭിക്കാൻ അർഹതയുണ്ടായിട്ടും കൃത്യമായി ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | നിയമസഭാ സാമാജികർക്ക് ഈ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ കൃത്യമായി ലഭ്യമാക്കുന്നുണ്ട്. |
| ഡി) ഇത്തരം പ്രസിദ്ധീകരണങ്ങൾ നിയമസഭാ സാമാജികർക്ക് കൃത്യമായി കൃത്യസമയത്ത് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; സർക്കാർ നടപടികൾ കീഴ്ത്തട്ടിൽ പാലിക്കപ്പെടുന്നുണ്ട് എന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;<br>ഇ) നിലവിൽ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് കുറ്റമറ്റതാക്കാൻ എന്തെല്ലാം സംവിധാനങ്ങളുംക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് കൂടി വ്യക്തമാക്കാമോ? | ഡി) & ഇ) | പബ്ലിക്കേഷൻ വിഭാഗത്തിൽ ഒരു സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ ആഫീസറുടെ ചുമതലയിൽ ഈ പ്രസിദ്ധീകരണങ്ങൾ കൃത്യമായി അയച്ചുകൊടുക്കുന്നുണ്ട്. ഇത് സംബന്ധിച്ച് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നതാണ്. |

RJayasu
സെക്ഷൻ ഓഫീസർ